**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1073 30.10.2019 -ൽ മറുപടിക്ക്

**മലപ്പുറം ജില്ലയിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് സർവ്വേ**

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | മലപ്പുറം ജില്ലയിലെ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്ന നടപടി പുരോഗമിക്കുന്നു. ഇതിനായി ജില്ലയിലെ 7 താലൂക്കുകളിലായി 7 ഇൻവെസ്റ്റിഗേറ്റർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചിട്ടുണ്ട്. പൊന്നാനി, തിരൂരങ്ങാടി, ഏറനാട്, നിലമ്പൂർ, പെരിന്തൽമണ്ണ, കൊണ്ടോട്ടി, തിരൂർ എന്നീ താലൂക്കുകളിൽ സർവ്വേ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഏതു തരത്തിലുള്ള സ്ഥാപനങ്ങളെ-യാണ് സർവ്വേയിൽ ഉൾപ്പെടുത്തുന്നത്; ആർക്കാണ് സർവ്വേ ചുമതല നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | പബ്ലിക് സെക്ടറിലെ എല്ലാ സ്ഥാപനങ്ങളെയും, 10-ൽ കൂടുതൽ തൊഴിലാളികൾ ഉള്ള എല്ലാ പ്രൈവറ്റ് സ്ഥാപനങ്ങളെയുമാണ് സർവ്വേയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എംപ്ലോയ്മെന്റ് ഡയറക്ടർ നിയമനാനുമതി നൽകിയിട്ടുള്ള 7 ഇൻവെസ്റ്റിഗേറ്റർ തസ്തികയിലേക്ക് എംപ്ലോയ്-മെന്റ് എക്സ്ചേഞ്ച് വഴി 60 ദിവസത്തേക്ക് താൽക്കാലികമായി നിയമിക്കപ്പെട്ടിട്ടുള്ള ഇൻവെസ്റ്റിഗേറ്റർമാർക്കാണ് ഇതിന്റെ ചുമതല. |
| (സി) | പ്രസ്തുത സർവ്വേയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദീകരിക്കുമോ; സർവ്വേ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഡാറ്റ ബേസിൽ (രജിസ്റ്ററിൽ) നാളിതുവരെ ഉൾപ്പെടാത്ത പുതിയ സ്ഥാപനങ്ങളെ കണ്ടെത്തുക എന്നതാണ് ഈ സർവേയുടെ ലക്ഷ്യം. 2020 ജനുവരി 3 ന് സർവ്വേ പൂർത്തീകരിക്കും. |

**സെക്ഷൻ ഓഫീസർ**